2010-11	201.68
2011-12	251.77
2012-13	269.15

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാറുണ്ട്.

(ഡി) നികുതി പിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനമാക്കി മൊത്തം വികസന ഫണ്ടിന്റെ പരമാവധി 10% തുക പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നുണ്ട്. മികച്ച പഞ്ചായത്തുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് സ്വരാജ് പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തുകളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

372 (1816) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പഞ്ചായത്തുകളിലെ പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ആധാർ നിർബന്ധമാക്കുന്നത് പരിഗണിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) വീട്ടു നമ്പരുമായി ആധാർ ബന്ധപ്പെടുത്തി പഞ്ചായത്തുകളിലെ വോട്ടർപ്പട്ടിക നവീകരിക്കുന്നതു പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത്

373 (1817) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വാർഡുകളുടെ എണ്ണം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ത്രിതല പഞ്ചായത്ത് ഇലക്ഷന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകളുടെ വിഭജനം ലക്ഷ്യമിടുന്നുണ്ടോ ; എങ്കിൽ നടപടികൾ അറിയിക്കുമോ ;

(സി) കൊല്ലം ജില്ലയിലെ തന്നെ ഏറ്റവും വിസ്തൃതി കൂടിയതും ജനസംഖ്യയിൽ മുന്നോക്കം നിൽക്കുന്നതുമായ ഗ്രാമപഞ്ചായത്താണ് കല്ലുവാതുക്കലെന്ന് ബോധ്യമുണ്ടോ ;

(ഡി) പ്രസ്തുത ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വാർഡുകളുടെ എണ്ണം 23-ഉം ജനസംഖ്യ 52541-ഉം ഭൂവിസ്തൃതി 35.57 ച.കി.മീറ്ററുമാണ്.

(ബി) ഉണ്ട്. 2015-ൽ നടക്കേണ്ടുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയോട് നിലവിലുള്ള പഞ്ചായത്തുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പരാതികളും ആക്ഷേപങ്ങളും കൂടി പരിഗണിച്ചുകൊണ്ട് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിച്ചതിന് ശേഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പഞ്ചായത്തുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ

374 (1818) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ പത്ത് വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly